പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2061 17.03.2015 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ അഴിമതി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം. | | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള മോട്ടോർ വാഹന വകുപ്പിന്റെ ചെക് പോസ്റ്റുകളിൽ അഴിമതി നടക്കുന്നുണ്ടോ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ള അഴിമതി അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നു വിശദമാക്കാമോ; | (എ) | ഉണ്ട്.അഴിമതി അവസാനിപ്പിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ വകുപ്പുതല പരിശോധനയും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനകളും നടത്താറുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം രഹസ്യ നിരീക്ഷണത്തിലുമാണ്. |
| (ബി) | ചെക് പോസ്റ്റുകളിൽ കഴിഞ്ഞ വർഷം എത്ര പരിശോധനകൾ നടത്തിയെന്ന് സ്ഥലം തിരിച്ച് വ്യക്തമാക്കാമോ; ഏതൊക്കെ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് പരിശോധനകൾ നടത്തിയത് ; വിശദമാക്കാമോ ? | (ബി) | വകുപ്പ് തലത്തിൽ രൂപീകരിച്ചിട്ടുള്ള വിജിലൻസ് സ്ക്വാഡുകളുടെ മേൽനോട്ടത്തിൽ 2014 വർഷം പെർള, നീലേശ്വരം ചെക്ക് പോസ്റ്റുകൾ, തൃശ്ശൂർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ മീനാക്ഷിപുരം ചെക്ക്പോസ്റ്റ് എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. കൂടാതെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ 25 മിന്നൽ പരിശോധനകളും നടത്തിയിട്ടുണ്ട്. |
| (സി) | ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയത്: | (സി) | ഗതാഗത കമ്മീഷണറുടെ വിവിധ നിർദ്ദേശങ്ങളുടെ ലംഘനം, കണക്കിൽപ്പെടാതെയുള്ള തുക കണ്ടെടുക്കൽ, രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കാതെ വാഹനങ്ങൾ കടത്തിവിടുക, ചെക്ക്പോസ്റ്റിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്താതിരിക്കുക, സർക്കാരിനു ലഭിക്കേണ്ടതായ തുകയിൽ |

| | | | |
|---|---|---|---|
| | | | കുറവ് സംഭവിക്കുക, ഏജന്റുമാരുടെ സാന്നിദ്ധ്യം തുടങ്ങിയവയാണ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ. |
| (ഡി) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഓരോ ചെക്പോസ്റ്റിലും നടത്തിയ പരിശോധനകളിൽ പിടിച്ചെടുത്ത കണക്കിൽപ്പെടാത്ത പണത്തിന്റെ അളവ് ചെക്പോസ്റ്റ് തിരിച്ച് വിശദമാക്കാമോ; | (ഡി) | കറുങ്കുട്ടി 600 രൂപ<br>ആര്യങ്കാവ് 3,030 രൂപ<br>വാളയാർ 86,970 രൂപ<br>മുത്തങ്ങ 7,500 രൂപ<br>വേലന്താവളം 71,150 രൂപ<br>മീനാക്ഷിപുരം 12,850 രൂപ |
| (ഇ) | ചെക്പോസ്റ്റുകളിൽ പാസിംഗ് ഏജന്റുമാർ അഴിമതിക്ക് കൂട്ടു നിൽക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഏജന്റുമാർ വഴിയുള്ള അഴിമതി നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഇ) | മോട്ടോർ വാഹന വകുപ്പിന്റെ ചെക്പോസ്റ്റുകളിൽ ഒരു തരത്തിലുള്ള ഏജന്റുമാരെയും നിയോഗിച്ചിട്ടില്ല. അഴിമതി നിയന്ത്രിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ വകുപ്പുതല പരിശോധനയും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനകളും നടത്താറുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം രഹസ്യ നിരീക്ഷണത്തിലുമാണ്. |

സെക്ഷൻ ഓഫീസർ